കെട്ടിക്കിടക്കുന്ന കേസുകളുടെ വിചാരണ താമസംവിനാ ആരംഭിക്കാൻ നടപടി

25 [5855] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ വിചാരണ താമസംവിനാ ആരംഭിക്കാൻ ഹൈക്കോടതിയുമായി ചർച്ച ചെയ്ത് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സബോർഡിനേറ്റ് കോടതികളിൽ കെട്ടിക്കിടക്കുന്ന പഴയ കേസുകൾ തീർപ്പാക്കുന്നതിന് ഹൈക്കോടതി പല നടപടികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കേസുകൾ, പ്രത്യേകിച്ചും പഴയ കേസുകൾ, സമയബന്ധിതമായി തീർപ്പാക്കുന്നതിന് ടാർജറ്റ് നൽകിയിട്ടുണ്ട്. ഓരോ ദിവസവും കൈകാര്യം ചെയ്യേണ്ട പഴയ സിവിൽ കേസുകളുടെ പ്രത്യേക ലിസ്റ്റ് തയ്യാറാക്കിയതിൻ പ്രകാരമാണ് വിചാരണ നടത്തുന്നത്. സബോർഡിനേറ്റ് കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നേരിട്ട് വീക്ഷിക്കുകയും ആവശ്യമെന്ന് കണ്ടാൽ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു. അടുത്തകാലത്ത് കെട്ടിക്കിടക്കുന്ന ക്രിമിനൽ കേസുകൾ തീർപ്പാക്കുന്നതിന് 27 ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുകയുണ്ടായി. സിവിൽ/ക്രിമിനൽ കേസുകളുടെ വിചാരണയ്ക്ക് കാലതാമസം നേരിടുന്നത് അതിൽ അനുവർത്തിക്കേണ്ട നടപടിക്രമങ്ങളുടെ ഭാഗമായാണ്.

ജയിൽ റിവ്യൂ കമ്മിറ്റി രൂപീകരിക്കാൻ നടപടി

26 [5857] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ജീവപര്യന്തം ശിക്ഷ വിധിക്കപ്പെട്ട എട്ടു വർഷം തനി ശിക്ഷ പൂർത്തിയാക്കിതും ഇളവുകളടക്കം 10 വർഷം ശിക്ഷ പൂർത്തിയാക്കിയതുമായവരുടെ കേസ്സുകൾ പഠിച്ച് വിടുതൽ ചെയ്യുന്നതിലേക്ക് ശുപാർശ സമർപ്പിക്കുവാനായുള്ള സംസ്ഥാന ജയിൽ റിവ്യൂ കമ്മിറ്റി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly